## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 5845 — 09/07/2012-ൽ മറുപടിയ്ക്ക്

## കൊല്ലംകോട് ബൈപ്പാസിന്റെ ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കൊല്ലംകോട് ബൈപ്പാസിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കൽ നടത്തേണ്ട സ്ഥലത്തിന് നെൽവയൽ തണ്ണീർത്തട സംരക്ഷണ സമിതിയുടെ ശുപാർശയ്ക്കായി എന്നാണ് ഫയൽ സമർപ്പിച്ചിട്ടുള്ളത് ; | (എ) & (ബി) കൊല്ലംകോട് ബൈപ്പാസിന്റെ നിർമ്മാണത്തിനായി ചിറ്റൂർ താലൂക്കിലെ മുന്ന് വില്ലേജുകളിലായി 14.5204 ഹെക്ടർ നിലം നികത്തുവാൻ നെൽവയൽ തണ്ണീർത്തട സംരക്ഷണ സമിതിയുടെ അനുമതിയ്ക്കായി ജില്ലാതല സമിതി മുമ്പാകെ പൊതുമരാമത്ത് വകുപ്പ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ജില്ലാതല സമിതി 18-02-2011-ന് സംസ്ഥാനതല സമിതിയ്ക്ക് ശുപാർശ സമർപ്പിക്കുകയും 04-07-2011-ലെ സംസ്ഥാന സമിതി യോഗത്തിൽ ടി ശുപാർശ പരിശോധിച്ച് സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയുമുണ്ടായി. ടി റിപ്പോർട്ട് അടുത്ത യോഗത്തിൽ പരിഗണിക്കുന്നതാണ്. |
| (ബി) പ്രസ്തുത സമിതിയുടെ ശുപാർശ ലഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ.